"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗതം-ബോട്ട് ലാസ്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ അന്തരിച്ച പ്രമോദ് കെ.കെ-യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ്.കെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അസ്സിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.288/2023/TRANS തീയതി,തിരുവനന്തപുരം, 07-07-2023

---

പരാമർശം:-

1. 24/05/1999-ലെ സ.ഉ(അച്ചടി) നം.12/19999/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
2. 07/04/2022-ലെ സി2/88/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ
3. ശ്രീ.അശ്വിൻ പ്രമോദ്.കെ-യുടെ 03/02/2023-ലെ അപേക്ഷ
4. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 26/03/2023-ലെ SWTDHO/484/2023-E3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010 -ൽ അന്തരിച്ച പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ്.കെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിച്ച എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം വൈകുന്നതിനാൽ ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം അപേക്ഷിച്ചിരുന്നു. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ശ്രീ.അശ്വിൻ പ്രമോദ്.കെ എൽ.ഡി ക്ലാർക്ക് തസ്തികയിൽ അപേക്ഷ 18/12/2017-ലും പ്രസ്തുത തസ്തികയിൽ നിയമനം വൈകുന്നതിനാൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റത്തിനായി അപേക്ഷ 03/02/2023-ലുമാണ് സമർപ്പിച്ചിട്ടുള്ളത്. പ്രമോദ്.കെ മരണമടഞ്ഞ 23/10/2010 -ൽ ശ്രീ.അശ്വിൻ പ്രമോദ്.കെ മേജർ ആയിരുന്നില്ല. ശ്രീ.അശ്വിൻ പ്രമോദ്.കെ-യുടെ ജനനത്തീയതി 25/11/1999 ആയതിനാൽ 25/11/2017 -ൽ ടിയാന് 18 വയസ്സാവുകയും 18/12/2017 -ൽ എൽ.ഡി ക്ലാർക്ക് നിയമനത്തിന് അപേക്ഷസമർപ്പിക്കുകയും ചെയ്തിരുന്നു. ആശ്രിത നിയമന മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനത്തിനുള്ള അപേക്ഷ/തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി മേജറായി മൂന്ന് വർഷത്തിനകം ആണ്. ശ്രീ.അശ്വിൻ പ്രമോദ്.കെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 03.02.2023-ൽ ആയതിനാൽ രണ്ട് വർഷവും രണ്ട് മാസവും പത്ത് ദിവസത്തെയും കാലതാമസം ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവുകളെപ്പറ്റിയുള്ള കൃത്യമായ അറിവില്ലായ്മ കൊണ്ടാണ് തസ്തികമാറ്റത്തിനുള്ള അപേക്ഷ വൈകി സമർപ്പിച്ചതെന്നും അറിവില്ലായ്മ മൂലമുള്ള കാലതാമസം മാപ്പാക്കി അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അശ്വിൻ പ്രമോദ്കെ സമർപ്പിച്ച അപേക്ഷ പരാമർശം 4 പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസിൽ അപേക്ഷകൻ

25.11.2017-ൽ മേജറാവുകയും 18.12.2017-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തെങ്കിലും LD clerk തസ്തികയിൽ ഒഴിവിന്റെ അഭാവത്തിലാണ് നിയമനം നൽകാൻ കഴിയാത്തത്. ഈ സാഹചര്യത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010 -ൽ അന്തരിച്ച പ്രമോദ് കെ.കെ-യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ്.കെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അസ്സിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചതിലുണ്ടായ രണ്ട് വർഷം രണ്ട് മാസം പത്ത് ദിവസത്തെ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ

ശ്രീ.അശ്വിൻ പ്രമോദ്.കെ, കാട്ടുംപുറത്ത് വീട്, തേവര കോളനി, തേവര പി.ഒ എറണാകുളം-682013

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ് (............ലെ ഇനം................ പ്രകാരം)

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ആഭ്യന്തര വകുപ്പ് (B3/58/2023/Home dated.05/03/2023)

വെബ് & ന്യൂമീഡിയ, ഐ &പി ആർ ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Ratheesh R

Date: 10-07-2023 11:14:48

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-07-2023

ഫയൽ നം. ഡി1/30/2018/ഗതാഗതം. ഇനം നം: 1621

വിഷയം : ഗതാഗത വകുപ്പ് - സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23.10.2010-ൽ അന്തരിച്ച പ്രമോദ് കെ. കെ.-യുടെ മകൻ ശ്രീ. അശ്വിൻ പ്രമോദ് കെ.കെ. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം തസ്തിക മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത വകുപ്പ്.

1621

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | ഡി1/30/2018/ഗതാഗതം. |
| 2. വകുപ്പ് | : | ഗതാഗത (ഡി) വകുപ്പ് |
| 3. വിഷയം | : | സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010-ൽ അന്തരിച്ച പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ.കെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം തസ്തിക മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 30/05/2023 |
| 5. (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതേ |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വിജയശ്രീ.കെ.എസ് |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജുപ്രഭാകർ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.07.2023 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/07/2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ആന്റണി രാജു |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03/07/2023 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/07/2023 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |

16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും.:

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010 -ൽ അന്തരിച്ച ശ്രീ.പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ.കെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേയ്ക്കു തസ്തിക മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010 -ൽ അന്തരിച്ച ശ്രീ.പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് കെ എൽ.ഡി ക്ലാർക്ക് തസ്തികയിൽ 18/12/2017-ലും പ്രസ്തുത തസ്തികയിൽ നിയമനം വൈകുന്നതിനാൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റത്തിനായി 03/02/2023-ലും അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.അശ്വിൻ പ്രമോദ്.കെ-യെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് പരിഗണിക്കുന്നതിന് ടിയാന്റെ കായികക്ഷമത പരിശോധിച്ച് അറിയിക്കുന്നതിനായി ഫയൽ ആഭ്യന്തര വകുപ്പിന് കൈമാറിയിരുന്നു. ആയതിന്മേൽ പ്രസ്തുത വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു.

"24.5.1999 ലെ സഉ(പി)12/99/ഉഭപവ ഉത്തരവിലെ ഖണ്ഡിക 19, 25 എന്നിവ പ്രകാരം തസ്തികമാറ്റത്തിനുള്ള അപേക്ഷയും മേജറായി 3 വർഷത്തിനുള്ളിൽ നൽകേണ്ടതുണ്ട്. എന്നാൽ ശ്രീ.അശ്വിൻ പ്രമോദ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ തസ്തികമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഉത്തരവിൽ വിവക്ഷിക്കുന്ന സമയപരിധി കഴിഞ്ഞ് 03.02.2023 - നാണ്. എന്നാൽ ടിയാൻ തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കിയതായി

കാണുന്നില്ല. ആയതിനാൽ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം മാപ്പാക്കിക്കൊണ്ടുള്ള ഉത്തരവ് സഹിതം പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണെന്നറിയിക്കുന്നു"

3) ശ്രീ.പ്രമോദ് കെ.കെ മരണമടഞ്ഞ 23.10.2010-ൽ ശ്രീ.അശ്വിൻ പ്രമോദ് മേജർ ആയിരുന്നില്ല. ശ്രീ.അശ്വിൻ പ്രമോദിന്റെ ജനനതീയതി 25.11.1999 ആയതിനാൽ 25.11.2017 -ൽ ടിയാന് 18 വയസ്സാവുകയും 18.12.2017-ൽ LD clerk നിയമനത്തിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 24/05/1999-ലെ G.O.(P) No.12/1999/P&ARD ഉത്തരവ് ഖണ്ഡിക 25 പ്രകാരം നിയമനത്തിനുള്ള അപേക്ഷ/തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി മേജറായി മൂന്ന് വർഷത്തിനകം ആണ്. ഈ കേസിൽ ശ്രീ.അശ്വിൻ പ്രമോദ് തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 03.02.2023-ൽ ആയതിനാൽ രണ്ട് വർഷവും 2 മാസവും 10 ദിവസവും കാലതാമസം ഉണ്ടായിട്ടുണ്ട്. കാലതാമസം മാപ്പാക്കണമെന്ന ശ്രീ.അശ്വിൻ പ്രമോദിന്റെ അപേക്ഷ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

4) 07.04.2022-ലെ സി2/88/2022/ഉഭപവ സർക്കുലർ പ്രകാരം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് രണ്ടു വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണങ്ങളില്ലാതെ മന്ത്രിസഭ മുൻപാകെ കൊണ്ടുവരാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.അശ്വിൻ പ്രമോദിന്റെ കേസിൽ അപേക്ഷകൻ 25.11.2017-ൽ മേജറാവുകയും 18.12.2017-ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തെങ്കിലും LD clerk തസ്തികയിലെ ഒഴിവിന്റെ അഭാവത്തിലാണ് നിയമനം നൽകാൻ കഴിയാത്തത്. സർക്കാർ ഉത്തരവുകളെപ്പറ്റി കൃത്യമായ അറിവില്ലാത്തതുമൂലമാണ് തസ്തിക മാറ്റത്തിനായി അപേക്ഷ വൈകി സമർപ്പിച്ചതെന്നും അറിവില്ലായ്മ മൂലമുള്ള കാലതാമസം മാപ്പാക്കി അസിസ്റ്റന്റ്

പ്രിസൺ ഓഫീസർ തസ്തികയിൽ തസ്തികമാറ്റം അനുവദിക്കണമെന്നും ശ്രീ.അശ്വിൻ പ്രമോദ്.കെ അപേക്ഷിച്ചിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ ശ്രീ.അശ്വിൻ പ്രമോദ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേയ്ക്ക് തസ്തിക മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിന് മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കാമോ എന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി വഴി ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ ജോലി ചെയ്തുവരവേ 23/10/2010 -ൽ അന്തരിച്ച ശ്രീ.പ്രമോദ് കെ.കെ യുടെ മകൻ ശ്രീ.അശ്വിൻ പ്രമോദ് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേയ്ക്ക് തസ്തിക മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 2 വർഷം 2 മാസം 10 ദിവസത്തെ കാലതാമസം മാപ്പാക്കാവുന്നതാണോ?